**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6060** **09-11-2021 - ൽ മറുപടിയ്ക്ക്**

**സോളാർ വേലി കെട്ടുന്നതിന് സാമ്പത്തിക സഹായം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും കൃഷിയിടങ്ങൾ സംരക്ഷിക്കുവാൻ സോളാർ വേലി കെട്ടുന്നതിന് കർഷകർക്ക് ധനസഹായം നൽകാറുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും കൃഷിയിടങ്ങൾ സംരക്ഷിക്കുവാൻ സോളാർ വേലി കെട്ടുന്നതിന് കർഷകർക്ക് വനം വകുപ്പിൽ നിന്നും ധനസഹായം നൽകാറില്ല. |
| (ബി) | ഇല്ലെങ്കിൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | വനം വകുപ്പിൽ നിന്ന് ധനസഹായം ലഭ്യമാക്കുവാൻ നിലവിൽ നിർവ്വാഹമില്ല. |
| (സി) | 2020 ജനുവരി മുതൽ ഇതുവരെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മലപ്പുറം ജില്ലയിൽ എത്ര രൂപയുടെ കൃഷിനാശമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | 2020 ജനുവരി മുതൽ ഇതുവരെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ സൗത്ത് ഡിവിഷനിൽ 15,85,730/- രൂപയുടെയും, നിലമ്പൂർ നോർത്ത് ഡിവിഷനിൽ 33,26,228/- രൂപയുടെയും കൃഷിനാശമുണ്ടായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | 2020 ജനുവരി മുതൽ ഇതുവരെ നിലമ്പൂർ സൗത്ത് ഡിവിഷനിൽ 13,45,828/- രൂപയും നിലമ്പൂർ നോർത്ത് ഡിവിഷനിൽ 33,26,228/- രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ